പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4579. 22.07.2015 ൽ മറുപടിയ്ക്ക്.

## സ്വകാര്യബസ്സുകൾക്ക് പെർമിറ്റ്

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ദീർഘദൂര റൂട്ടുകളിലും, ക്ലാസ്സിഫൈഡ് റൂട്ടുകളിലും സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് കാലാവധി തീരുന്ന മുറയ്ക്ക് ഇനി പുതുക്കി നൽകേണ്ടതില്ല എന്ന് തീരുമാനി ച്ചിരുന്നോ ; പ്രസ്തുത റൂട്ടുകളിൽ യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാതിരി ക്കുന്നതിനായി എത്ര കെ.എസ്.ആർ. ടി.സി സർവ്വീസുകൾ ആണ് ആരംഭിച്ചത് ; ഇതുവഴി കെ.എസ്. ആർ.ടി.സി.ക്ക് അധികമായി ലഭിച്ച വരുമാനം എത്രയെന്ന് കണക്കാക്കി യിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കാമോ ; | (എ) | 16.07.2013-ലെ വിജ്ഞാപനം പ്രകാരം ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള സൂപ്പർക്ലാസ് സർവ്വീസുകൾ നടത്തുന്ന തിനുള്ള അവകാശം കെ.എസ്.ആർ.ടി. സി.ക്ക് മാത്രം നിജപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവാകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് കാലാവധി തീരുന്ന സ്വകാര്യ സൂപ്പർ ക്ലാസ് സർവ്വീസുകൾക്ക് അത്തരം പെർമിറ്റുകൾ പുതുക്കി നൽകുകയില്ല. എന്നാൽ നിലവിൽ ഓടിക്കൊണ്ടിരുന്ന ബസുകൾക്ക് മുൻകാലങ്ങളിൽ ചെയ്തതു പോലെ പെർമിറ്റ് നൽകാവുന്നതാണ്. പെർമിറ്റ് കാലാവധി കഴിഞ്ഞ സ്വകാര്യ ബസ്സുകൾക്ക് പകരമായി കെ.എസ്. ആർ.ടി.സി 185 പെർമിറ്റുകൾ കരസ്ഥമാക്കിയിട്ടുണ്ട്. എന്നാൽ ഇതിൽ നിന്നും മാത്രമുള്ള അധിക വരുമാനം കണക്കാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | | |
| (ബി) | പ്രസ്തുത റൂട്ടുകളിൽ വീണ്ടും സ്വകാര്യ ബസുകൾക്ക് പെർമിറ്റുകൾ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഇത്തരത്തിൽ ഒരു തീരുമാനമെടുക്കാനിടയായ സാഹചര്യം എന്തെന്ന് വ്യക്തമാക്കാമോ ; | (ബി) | 08/07/2015 ലെ മന്ത്രിസഭായോഗം ടി രണ്ടു സ്കീമുകളും പ്രാബല്യത്തിൽ വന്നതിന്റെ പേരിൽ പെർമിറ്റുകൾ നഷ്ടപ്പെട്ടുകയും ഇനി പെർമിറ്റ് നഷ്ടപ്പെടാൻ പോകുകയും ചെയ്യുന്ന പ്രൈവറ്റ് ബസ്സുകൾക്ക് ചില വ്യവസ്ഥകൾക്ക് വിധേയമായി ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസ് പെർമിറ്റുകൾ നൽകുന്നത് സംബന്ധിച്ച് തീരുമാനം എടുക്കുകയുണ്ടായി. ഈ ബസുകളിൽ വിദ്യാർത്ഥികൾക്കുള്ള കൺസഷൻ നൽകണമെന്നും ജി.പി.എസ്. ഘടിപ്പിക്കണമെന്നുമുള്ള നിബന്ധനയോടെയായിരിക്കും. ഉത്തരവു പുറപ്പെടുവിക്കുന്നതിനായി നിയമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.<br><br>സൂപ്പർക്ലാസ് സർവ്വീസുകൾ എല്ലാം കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കാനും നാഷണലൈസ് ചെയ്ത 31 റൂട്ടുകളിൽ സ്വകാര്യ ഓപ്പറേറ്റർമാരുടെ കാലാവധി തീർന്ന പെർമിറ്റുകൾ കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കാനും നടപടികൾ ആരംഭിച്ചതോടെ നിരവധി സ്വകാര്യ ബസ്സുകൾ റോഡിൽ നിന്ന് പിൻവലിക്കേണ്ടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ദേശസാൽക്കരിക്കപ്പെട്ട 31 റൂട്ടുകളിൽ നിലവിലുള്ള സ്കീമിലെ വ്യവസ്ഥകൾ പ്രകാരം സ്വകാര്യ ബസുകളുടെ |

| | | | |
|---|---|---|---|
| | | | പെർമിറ്റുകളും കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കുമ്പോൾ ധാരാളം സ്വകാര്യ ബസ്സുകൾ നിരത്തിൽനിന്ന് അപ്രത്യക്ഷമാകുന്ന സ്ഥിതി ഉണ്ടാകും. ഈ മേഖലയിൽ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയും പുതിയ പ്രതിസന്ധി ഉണ്ടാവുകയും ചെയ്യും. ഇതിനോടകം തന്നെ പണിമുടക്ക് പ്രഖ്യാപിച്ചുവെങ്കിലും ബഹു.മുഖ്യമന്ത്രി, ഗതാഗതവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വച്ച് 10/06/2015 ൽ നടത്തിയ ചർച്ചയെ തുടർന്ന് അവർ പണിമുടക്കിൽ നിന്ന് പിന്മാറി. സ്വകാര്യ സ്റ്റേജ് കാര്യേജ് സർവ്വീസ് നടത്തിപ്പ് ഇത്തരം ഒരു പ്രതിസന്ധി ഘട്ടത്തിലെത്തിയ സാഹചര്യത്തിലാണ് സർക്കാർ ഇത്തരത്തിൽ ഒരു തീരുമാനമെടുത്തിട്ടുള്ളത്. |
| (സി) | സംസ്ഥാനത്ത് ഇത്തരത്തിൽ നേരത്തേ എത്ര ബസുകൾക്ക് ഏതൊക്കെ റൂട്ടുകളിലായിട്ടാണ് പെർമിറ്റ് നൽകിയിരുന്നത് ; ഇവയെല്ലാം തന്നെ പുന:സ്ഥാപിക്കുന്നതിനാണോ തീരുമാനമെടുത്തിട്ടുള്ളത് ; അതോ പുതിയ റൂട്ടുകളുൾപ്പെടെയുള്ളവയ്ക്കും ഇതോടൊപ്പം പെർമിറ്റ് നൽകുന്നതിനാണോ തീരുമാനമെടുത്തിട്ടുള്ളത് ; | (സി) | 174 കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് സ്വകാര്യ ബസ്സുകൾക്ക് പരകരമായി ദീർഘദൂര സർവ്വീസ് നടത്തുവാനുള്ള പെർമിറ്റ് നൽകിയിട്ടുണ്ട്. സ്കീം നടപ്പിൽ വന്നതിനെത്തുടർന്ന് പെർമിറ്റ് നഷ്ടപ്പെട്ടതും ഇനി നഷ്ടപ്പെടാൻ പോകുന്നവരുമായ ബസ്സുകൾക്ക് മാത്രമാണ് ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി പെർമിറ്റുകൾ നൽകുന്നത്. പുതുതായി ഏതെങ്കിലും റൂട്ടിലോ പുതുതായി ടി റൂട്ടുകളിൽ ഏതെങ്കിലും പെർമിറ്റോ നൽകുന്നതിന് തീരുമാനിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | സ്വകാര്യ ബസുകൾ വരുന്നതോടെ നിലവിൽ ഓടുന്ന കെ.എസ്.ആർ. റ്റി.സി.സർവ്വീസുകൾ പിൻവലിക്കുമോ ; ഇവയുടെ കാര്യത്തിൽ എന്ത് തീരുമാനമാണ് എടുക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ ; | (ഡി) | കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ തുടരുന്നതിനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. |
| (ഇ) | തകർച്ചയിലൂടെ കടന്നുപോകുന്ന കെ.എസ്.ആർ.റ്റി.സി.യെ രക്ഷിക്കാനുതകുമായിരുന്ന പ്രസ്തുത പദ്ധതി കൂടുതൽ ശക്തമായി നടപ്പാക്കുന്നതിനും, സ്വകാര്യ ബസ് പെർമിറ്റുകൾ നിയന്ത്രിക്കുന്നതിനും എന്തൊക്കെ നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നത് ? | (ഇ) | കെ.എസ്.ആർ.ടി.സി.ക്ക് സംസ്ഥാനത്തെ മുഴുവൻ സ്റ്റേജ് കാര്യേജ് ഓപ്പറേഷൻസും ഒറ്റയ്ക്ക് നടത്തുന്നതിന് പ്രാപ്തിയില്ല. ജനങ്ങൾക്ക് യാത്രാ സൗകര്യം പ്രദാനം ചെയ്യുന്നതിൽ സ്വകാര്യ ബസ് ഓപ്പറേറ്റർമാരും പങ്കു വഹിക്കുന്നുണ്ട്. ഇത് ഒരു വലിയ തൊഴിൽ മേഖലയും അതുപോലെ വൻപിച്ച മുതൽ മുടക്ക് നടത്തിയിട്ടുള്ള ഒരു വ്യവസായവുമാണ്. ആയതിനാൽ സ്വകാര്യ സ്റ്റേജ് കാര്യേജ് ഓപ്പറേറ്റർമാരെ പൂർണ്ണമായും തുടച്ചുനീക്കിക്കൊണ്ട് സർവ്വീസ് നടത്തുന്നത് പ്രായോഗികമല്ല. എന്നാൽ കെ.എസ്.ആർ.ടി.സി.ക്ക് ലാഭകരമായ റൂട്ടുകളും സൂപ്പർക്ലാസ് സർവ്വീസുകളും കെ.എസ്.ആർ.ടി.സി. തന്നെ ഓപ്പറേറ്റ് ചെയ്യുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ.